# കേരളസർവകലാശാല

നം.പി.ആർ.68/2022

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാതീയതി

കേരളസർവകലാശാല 2022 ഏപ്രിൽ 4 ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്./സി.ആർ.സി.ബി.സി.എസ.എസ്. പരീക്ഷ ഏപ്രിൽ 19 ലേക്ക് മാറ്റി വെച്ചിരിക്കുന്നു. അന്നേദിവസം നടക്കുന്ന മറ്റു പരീക്ഷകൾക്ക് മാറ്റമില്ല.

### പ്രൈവറ്റ് രജിസ്ട്രേഷൻ

കേരളസർവകലാശാല ബിരുദ കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ സൂപ്പർഫൈനോടുകൂടി അപേക്ഷിക്കാനുള്ള അവസാന തീയതി 2022 ഏപ്രിൽ ആറാം തീയതി വരെ നീട്ടിയിരിക്കുന്നു.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി., ഏപ്രിൽ 2021 സ്പെഷ്യൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ 8 വരെ ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ.ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (128), ബി.എ.ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ (129) (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2015 – 2018 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഏപ്രിൽ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.) റെഗുലർ – 2017 അഡ്മിഷൻ, 2014 സ്കീം – സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഏപ്രിൽ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഏപ്രിലിൽ നടത്തിയ മൂന്ന്, അഞ്ച്, ഏഴ്, ഒൻപത് സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എം.–എം.എ.എം./പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്) (റെഗുലർ ആന്റ് സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. സുവോളജി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ബയോസിസ്റ്റമാറ്റിക്സ് ആന്റ് ബയോഡൈവേഴ്സിറ്റി (ന്യൂജനറേഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 5 ന് അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 (2013 സ്കീം) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ഫ്ളൂയിഡ് മെക്കാനിക്സ് ലാബ് ഏപ്രിൽ 12 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 (2008 & 2013 സ്കീം) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ ബ്രാഞ്ച് (412), അപ്ലൈഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ച് (413) എന്നീ ബ്രാഞ്ചുകളുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 20, 21 തീയതികളിൽ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 (2013 സ്കീം) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ഫ്ളൂയിഡ് മെക്കാനിക്സ് ആന്റ് മെഷീൻസ് ലാബ് ഏപ്രിൽ 12 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
02.04.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**